ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 05.09.2025**

## പ്രധാനവാർത്തകൾ

1). **ചരക്ക് സേവന നികുതിയിൽ വരുത്തിയ യുക്തിസഹമായ മാറ്റങ്ങൾ രാജ്യത്ത് സ്വാതന്ത്ര്യത്തിനു ശേഷമുള്ള ഏറ്റവും വലിയ പരിഷ്കാരമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.**

2). **തിരുവോണനിറവിൽ മലയാളികൾ., ആഘോഷപ്പെരുമയിൽ നാടും നഗരവും. ആശംസകൾ നേർന്ന് രാഷ്ട്രപതി, പ്രധാനമന്ത്രി, ഗവർണർ, മുഖ്യമന്ത്രി തുടങ്ങി പ്രമുഖർ.**

3). **ദേശീയ അധ്യാപക അവാർഡുകൾ രാഷ്ട്രപതി ദ്രൗപദി മുർമു വിതരണം ചെയ്തു.**

4). **നബിദിനത്തോടനുബന്ധിച്ച് സംസ്ഥാനത്ത് വിവിധ പരിപാടികൾ.**

5). **റെക്കോഡ് വിൽപ്പനയിലൂടെ സപ്ലൈകോയ്ക്ക് ചരിത്രനേട്ടം.**

6). **കേരള ക്രിക്കറ്റ് ലീഗ് സെമി ഫൈനൽ പോരാട്ടങ്ങൾക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കം.**

*****************************************

RNU TVPM

**<u>പ്രധാനമന്ത്രി - ജി.എസ്.ടി</u>**

ചരക്ക് സേവന നികുതിയിൽ വരുത്തിയ യുക്തിസഹമായ മാറ്റങ്ങൾ സ്വാതന്ത്ര്യത്തിനു ശേഷമുള്ള ഏറ്റവും വലിയ പരിഷ്കാരമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഒന്നിലധികം ഇനങ്ങളുടെ നികുതി കുറയ്ക്കുകയും ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെ നിർണായക ഇനങ്ങൾക്കുള്ള നികുതി പൂർണ്ണമായും നിർത്തലാക്കുകയും ചെയ്ത നടപടി സാധാരണ ജനങ്ങൾക്ക് ഏറെ ആശ്വാസമാകുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ന്യൂഡൽഹിയിൽ അവാർഡ് ജേതാക്കളായ അധ്യാപകരുമായി സംവദിക്കുകയാ യിരുന്നു പ്രധാനമന്ത്രി. നവരാത്രിയുടെ ആദ്യ ദിവസമായ സെപ്റ്റംബർ 22 മുതൽ പരിഷ്കരിച്ച ജി.എസ്.ടി നിരക്കുകൾ പ്രാബല്യത്തിൽ വരും.

************************************

**<u>തിരുവോണം - (ഇൻട്രോ)</u>**

തിരുവോണ നിറവിൽ ലോകമെമ്പാടുമുള്ള മലയാളികൾ. പോയകാല നന്മകളിലേക്കും സുകൃതങ്ങളിലേക്കും പിൻതിരിഞ്ഞു നോക്കാനുള്ള അവസരത്തോടൊപ്പം ശുഭാപ്തി വിശ്വാസത്തെയും തൊട്ടുണർത്തുകയാണ് ഓണം.

**(വോയിസ്.................)**

പൂക്കളവും ഊഞ്ഞാലും കുടുംബസംഗമവും സദ്യയും ഓണക്കളികളും ഒക്കെയായി ഓണാഘോഷത്തിൻറെ ആവേശത്തിലാണ് മലയാളികൾ. പ്രവാസികളും മറുനാടൻ മലയാളികളും തൊഴിലിടങ്ങളിലും താമസ സ്ഥലത്തും ഗൃഹാതുര സ്മരണകളോടെ ഓണം ആഘോഷിക്കുന്നു. സമത്വവും ഒരുമയും സമഭാവനയും വിളക്കിചേർത്ത് കേരളത്തിൻറെ പ്രധാന സവിശേഷതകളിലൊന്നായ സാസ്കാരിക സൗഹൃദവും കൂടിച്ചേരലുകളിൽ പ്രകടമാവുകയാണ്. കുടുംബാംഗങ്ങൾക്കിടയിലും സുഹൃത്തുക്കൾക്കിടയിലുമുള്ള ബന്ധം ദൃഢമാകാനുള്ള അവസരവും

RNU TVPM

ഓണം പ്രദാനം ചെയ്യുന്നു. മലയാളികൾ ഉള്ളിടത്തെല്ലാം സ്നേഹ സൗരഭമായ് നിറയുകയാണ് ഓണം.

ന്യൂസ് ഡെസ്ക്, ആകാശവാണി....

**************************************

## ഓണം രാഷ്ട്രപതി- പ്രധാനമന്ത്രി

രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ഓണാശംസകൾ നേർന്നു. കേരളത്തിൻറെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിൻറെ അതുല്യ ഉദാഹരണമാണ് ഓണമെന്ന് രാഷ്ട്രപതി സന്ദേശത്തിൽ പറഞ്ഞു.

ഐക്യത്തിൻറെയും പ്രത്യാശയുടെയും സാംസ്കാരിക പ്രബുദ്ധതയുടെയും പ്രതീകമാണ് ഓണമെന്ന് പ്രധാനമന്ത്രി ആശംസിച്ചു. സമൂഹത്തിൽ സൗഹാർദ്ദം വളർത്താനും പ്രകൃതിയുമായുള്ള ബന്ധം ദൃഢമാക്കാനും ഈ ആഘോഷം സഹായിക്കുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

**************************************

## ഗവർണർ - മുഖ്യമന്ത്രി ഓണാശംസ

ലോകമെമ്പാടുമുള്ള മലയാളികൾക്ക് കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഓണാശംസകൾ നേർന്നു. സമത്വം, ഐക്യം, സമൃദ്ധി, ഒത്തൊരുമ എന്നിവയുടെ സന്ദേശം ലോകമെമ്പാടും പ്രചരിപ്പിക്കാമെന്നും അദ്ദേഹം ആശംസിച്ചു.

ഭേദചിന്തകളൊന്നുമില്ലാതെ ഒത്തുചേരുന്ന ആഘോഷമാണ് ഓണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സമൃദ്ധിയും സമത്വവും സന്തോഷവും നിറഞ്ഞ കേരളമായിരിക്കണം നമ്മുടെ ലക്ഷ്യമെന്നും, ആ ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ ഓണം ഊർജ്ജവും പ്രചോദനവും പകരട്ടെയെന്നും മുഖ്യമന്ത്രി ആശംസിച്ചു.

**************************************

RAJU TVPM

**<u>പ്രവാസികൾ - ഓണം</u>**

മലയാളികൾ കൂടുതലുള്ള യു.എ ഇ യിലും ഗൾഫ് മേഖലയിലും വിപുലമായ ഓണാഘോഷ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളത്. വിദേശത്ത് താമസിക്കുന്ന കേരളീയരെ സംബന്ധിച്ചിടത്തോളം സാംസ്കാരിക ഒരുമയുടെ പ്രതീകം കൂടിയാണ് ഓണം. ചെണ്ടമേളവും പുലികളിയും തിരുവാതിരയും ഒപ്പം വിഭവസമൃദ്ധമായ സദ്യയും പായസമേളകളും ഒക്കെയായി പ്രവാസി മലയാളികൾ, ഓണത്തെ കൂട്ടായ്മയുടെ ആഘോഷമാക്കി മാറ്റുന്നു.

*************************************

**<u>തിരുവോണസദ്യ പത്തനംതിട്ട - (ഇൻട്രോ)</u>**

തിരുവോണദിനത്തിൽ ഭക്തി സാന്ദ്രമായി സന്നിധാനം. സുഗമമായ ദർശനഭാഗ്യത്തിൽ തിരുവോണ സദ്യയുണ്ട് ആയിരങ്ങൾ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.....**
**(വോയിസ്.........**

*************************************

**<u>രാഷ്ട്രപതി - അദ്ധ്യാപക അവാർഡ്</u>**

ദേശീയ അധ്യാപക അവാർഡുകൾ രാഷ്ട്രപതി ദ്രൗ പദി മുർമു വിതരണം ചെയ്യു. അദ്ധ്യാപക ദിനമായ ഇന്ന് ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിലായിരുന്നു ചടങ്ങ് സംഘടിപ്പിച്ചത്.

*************************************

**<u>അദ്ധ്യാപകദിനം - പ്രധാനമന്ത്രി</u>**

ദേശീയ അധ്യാപക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ആശംസകൾ നേർന്നു. ശക്തവും തിളക്കമാർന്നതുമായ ഭാവിയുടെ അടിത്തറ സൃഷ്ടിക്കുന്നതിനായി യുവാക്കളെ പരിപോഷിപ്പിക്കുന്നതിൽ അധ്യാപകരുടെ സമർപ്പണം ശ്രദ്ധേയമാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

RNU TVPM

മുൻ രാഷ്ട്രപതിയും അധ്യാപകനുമായ ഡോ. എസ്. രാധാകൃഷ്ണൻറെ ജീവിതത്തെയും ചിന്തകളെയും അദ്ദേഹത്തിൻറെ ജന്മദിനത്തിൽ ശ്രീ മോദി അനുസ്മരിച്ചു.

**************************************

**ബ്രേക്ക്.........**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

**************************************

**നബിദിനം- രാഷ്ട്രപതി പ്രധാനമന്ത്രി**

പ്രവാചകൻ മുഹമ്മദ് നബിയുടെ ജന്മദിനമായ മിലാദ് - ഉൻ - നബി ആഘോഷിക്കുന്ന, എല്ലാവർക്കും രാഷ്ട്രപതി ദ്രൗപദി മുർമു ആശംസകൾ നേർന്നു. ഈ പുണ്യദിനം നമ്മുടെ സമൂഹത്തിൽ സമാധാനവും ക്ഷേമവും കൊണ്ടുവരട്ടെ എന്നും, കാരുണ്യം, സേവനം, നീതി എന്നിവയുടെ മൂല്യങ്ങൾ നമ്മെ നയിക്കട്ടെ എന്നും പ്രധാനമന്ത്രി നരേന്ദ്രമോദി ആശംസിച്ചു.

**************************************

**നബിദിന റാലി കോഴിക്കോട്**

കോഴിക്കോട് ടൗൺ ഏരിയ സുന്നി കോ ഓർഡിനേഷൻ കമ്മിറ്റി സംഘടിപ്പിച്ച നബിദിന റാലി എം കെ രാഘവൻ എം പി ഉദ്ഘാടനം ചെയ്തു. കേരള ഹജ്ജ് കമ്മിറ്റി ചെയർമാൻ ഹുസൈൻ സഖാഫി ചുള്ളിക്കോട് മുഖ്യപ്രഭാഷണം നടത്തി. അഹമ്മദ് ദേവർകോവിൽ എം എൽ എ ആശംസകൾ അർപ്പിച്ചു. വിദ്യാർത്ഥികളുടെ ദഫ് ഉൾപ്പെടെ വിവിധ കലാപ്രകടനങ്ങൾ റാലിയെ വർണ്ണാഭമാക്കി.

**************************************

RNU TVPM

**<u>സപ്ലൈകോ - ജി.ആർ അനിൽ</u>**

കേരളത്തിൽ ഓണക്കാലത്തെ സപ്ലൈകോയുടെ വിപണി ഇടപെടൽ ചരിത്രം സൃഷ്ടിച്ചതായി ഭക്ഷ്യമന്ത്രി ജി.ആർ അനിൽ . ഇന്നലെ രാത്രിവരെ 56.50 ലക്ഷം ഉപഭോക്താക്കൾ സപ്ലൈകോ വിൽപന ശാലകൾ സന്ദർശിക്കുകയും 385 കോടി രൂപയുടെ വിൽപന നടക്കുകയും ചെയ്യു. ഇതിൽ 180 കോടി രൂപ സബ് സിഡി സാധനങ്ങളുടെ വിൽപനയിലൂടെയാണ്. കേരളത്തിലെ രണ്ടേകാൽ കോടിയോളം ജനങ്ങൾക്ക് നേരിട്ട് ഇതിൻറെ പ്രയോജനം ലഭിച്ചു.

*************************************

**<u>ജി.എസ് ടി -അഡ്വ മുകുന്ദൻ -(ഇൻട്രോ)</u>**

ജി എസ് റ്റി യുടെ പുതിയ പരിഷ്കാരങ്ങൾ വരുന്നതോടെ സാധാരണക്കാർക്കും ഇടത്തരക്കാർക്കും ഗുണം വരുമെന്നും കുടുംബ ബജറ്റുകളിൽ വലിയ സ്വാധീനം ചെലുത്തുകയും ചെയ്യുമെന്നും ടാക്സ് പ്രാക്ടീഷണർമാർ. കേരള ടാക്സ് പ്രാക്ടീഷണേഴ്സ് അസോസിയേഷൻ **മലപ്പുറം, നോർത്ത് സോൺ സെക്രട്ടറി അഡ്വ പി മുകുന്ദൻ, ആകാശവാണി വാർത്തകളോട് .......**

**(വോയിസ്.........................)**

*************************************

**<u>കെസിഎൽ</u>**

കേരള ക്രിക്കറ്റ് ലീഗ് സെമി ഫൈനൽ പോരാട്ടങ്ങൾക്ക് ഇന്ന് തുടക്കം. ഉച്ചയ്ക്ക് രണ്ടരയ്ക്ക് നടക്കുന്ന ആദ്യ സെമിയിൽ തൃശൂർ ടൈറ്റൻസ് കൊല്ലം സെയിലേഴ്സിനെ നേരിടും. വൈകിട്ട് 6.45- ന് നടക്കുന്ന രണ്ടാം സെമിയിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ് കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെയും നേരിടും. ഇന്നലെ നടന്ന മത്സരത്തിൽ ആലപ്പി റിപ്പിൾസിനെതിരെ കൊല്ലം സെയിലേഴ്സും കലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെതിരെ തൃശൂർ ടൈറ്റൻസും വിജയിച്ചു.

നാല് വിക്കറ്റിനാണ് ഇരുടീമുകളുടെയും വിജയം.

RNU TVPM

***************************************

## ഏഷ്യ കപ്പ് ഹോക്കി

ഏഷ്യാ കപ്പ് ഹോക്കി സൂപ്പർ ഫോറിലെ രണ്ടാം മത്സരത്തിൽ ഇന്ത്യയ്ക്ക് വിജയം. മലേഷ്യയെ 4-1 നാണ് പരാജയപ്പെടുത്തിയത്. ഇതോടെ സൂപ്പർ ഫോറിൽ ഇന്ത്യ ഒന്നാം സ്ഥാനത്തെത്തി.

***************************************

## യു.എസ് ഓപ്പൺ

യു.എസ് ഓപ്പൺ ടെന്നീസ് പുരുഷ ഡബിൾസിൽ ഇൻഡോ - ന്യൂസിലൻഡ് ജോഡിയായ യൂക്കി ഭാംബ്രിയും മൈക്കൽ വീനസും സെമി ഫൈനൽ മത്സരത്തിൽ ബ്രിട്ടീഷ് എതിരാളികളോട് പരാജയപ്പെട്ടു. വനിതാ സിംഗിൾസിൽ, നിലവിലെ ചാമ്പ്യൻ ബെലാറസിൻറെ അരിന സബലെങ്ക ഇന്നലെ നടന്ന സെമിയിൽ യുഎസിൻറെ ജെസീക്ക പെഗുലയെ പരാജയപ്പെടുത്തി. ഇന്ന് നടക്കുന്ന രണ്ടാം സെമി ഫൈനലിൽ അമേരിക്കയുടെ അമാൻഡ അനിസിമോവ രണ്ട് തവണ ചാമ്പ്യനായ നവോമി ഒസാക്കയെ നേരിടും.

***************************************

RIUTVPM

## വന്ദേഭാരത്

ആലപ്പുഴ വഴിയുള്ള മംഗളുരു - തിരുവനന്തപുരം വന്ദേഭാരത് ട്രെയിനിൻറെ കോച്ചുകളുടെ എണ്ണം 20 ആക്കി വർധിപ്പിച്ച ശേഷമുള്ള സർവ്വീസ് ഈ മാസം ഒൻപതിന് ആരംഭിക്കും. സീറ്റുകളുടെ എണ്ണം 1016 - ൽ നിന്നും 1,336 ആയി മാറും.

4 ചെയർ കാറുകൾ കൂടിയാണ് അധികമായി ചേർത്തത്.

***************************************

## കണ്ണൂർ മഴ അപകടം

കണ്ണൂർ പാണപ്പുഴയിൽ ഇന്നലെയുണ്ടായ കനത്ത മഴയിൽ ഒരു വീട് ഭാഗികമായി തകർന്നു. ഭൂദാനം സങ്കേതത്തിൽ ലക്ഷ്മണൻ എന്നയാളുടെ വീടിനാണ് കേടുപറ്റിയത്. ആളപായമില്ല.

****************************************

## യു.പി.എസ് - എൻ.പി.എസ്

ഈ വർഷം ജനുവരിയിൽ അവതരിപ്പിച്ച ഏകീകൃത പെൻഷൻ പദ്ധതി - യു.പി.എസിൽ നിന്നും തിരഞ്ഞെടുത്ത കേന്ദ്ര സർക്കാർ ജീവനക്കാർക്ക് നാഷണൽ പെൻഷൻ സിസ്റ്റം എൻ.പി.എസിലേക്ക് മടങ്ങാൻ ഒറ്റത്തവണ അവസരം. ഇതിനായി ഈ മാസം 30 വരെ അപേക്ഷ നൽകാം. വിരമിക്കുന്നതിന് ഒരു വർഷം മുൻപോ സ്വയം വിരമിക്കുന്നതിന് മൂന്നു മാസം മുൻപോ മാത്രമേ യു.പി.എസിൽ നിന്ന് എൻ.പി.എസിലേക്ക് മാറാനാവൂ. ഈ മാസം 30 ന് ശേഷം യു.പി.എസിലേക്ക് മാറാനും അവസരമില്ല.

RNUTVPM

****************************************

****************************************

************